**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **27-02-2023 - ൽ മറുപടിയ്ക്ക്**

**പ്രത്യാശ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രത്യാശ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സൂക്ഷ്മ സംരംഭങ്ങൾ 2022 ൽ ആരംഭിച്ചിട്ടുണ്ട്; പ്രാദേശിക സമ്പദ് വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ? | (എ) | പ്രത്യാശ പദ്ധതി പ്രകാരം കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനത്ത് 173 സംരംഭങ്ങൾ 2022 – ൽ ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട അശരണർ, വൃദ്ധർ, ഭിന്നലിംഗക്കാർ, ഗാർഹിക പീഡനത്തിനും അതിക്രമങ്ങൾക്കും ഇരയായവർ, അവിവാഹിതരായ അമ്മമാർ, കിടപ്പുരോഗികൾ/മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷകർ, വിധവകൾ, ആശ്രയ ഗുണഭോക്താക്കൾ, വികലാംഗർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന സ്ത്രീകൾക്ക് സ്വയം തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാമ്പത്തിക സ്വാശ്രയത്വം നേടിയെടുക്കുന്നതിനുമായി അരംഭിച്ചിട്ടുള്ള പദ്ധതിയാണ് പ്രത്യാശ പദ്ധതി. ടി പദ്ധതിയുടെ ഭാഗമായി സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യപ്പെടുന്നവർക്ക് 50,000/-രൂപ (ഒരാൾക്ക്) ഗ്രാന്റായി സ്റ്റാർട്ട് അപ് ഫണ്ട് നൽകി വരുന്നു. അടുത്ത വർഷം ടി പദ്ധതി കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ